പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 112

13.06.2013-ൽ മറുപടി നൽകേണ്ടത്

## ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>,, ഇ.പി. ജയരാജൻ<br>,, കെ. രാധാകൃഷ്ണൻ<br>,, രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ വ്യത്യസ്തങ്ങളായ വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിലുള്ള കോടതി വിധികൾ വരാനുണ്ടായ സാഹചര്യം പരിശോധിക്കുകയുണ്ടായോ; വിലയിരുത്തലുകൾ വെളിപ്പെടുത്തുമോ; | (ബി) പരിശോധിച്ചു. എച്ച്.എം.എൽ. ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ആധാരങ്ങൾ അക്കാലത്തെ സെറ്റിൽമെന്റ് രജിസ്റ്ററുകൾ, ലിത്തോ മാപ്പുകൾ, മറ്റ് റവന്യൂ റിക്കാർഡുകൾ എന്നിവയുമായി താരതമ്യം ചെയ്ത് പരിശോധിച്ച് ടി വിവരങ്ങൾ OP(C) 3508/11-ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. റിക്കാർഡുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തി പ്രസ്തുത ഭൂമി കമ്പനിയുടെ കൈവശത്തിലാക്കുന്ന രീതിയിൽ രേഖകൾ ചമച്ചിട്ടുള്ളതാണോ എന്നത് പരിശോധിക്കുന്നതിന് വിജിലൻസ് എൻക്വയറിയും തുടർന്നു വരുന്നുണ്ട്. മേൽ പറഞ്ഞ OP(C) 3508/11 ഇപ്പോഴും ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ സജീവ പരിഗണനയിലാണ്. |

| | |
|---|---|
| (സി) ഹാരിസൺ കമ്പനിയുമായി ബന്ധപ്പെട്ട കേസുകൾ ഹൈക്കോടതിയിൽ വാദിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടുള്ള കാര്യം പരിശോധിക്കുവാൻ തയ്യാറാകുമോ; | (സി) വീഴ്ചയുണ്ടായിട്ടില്ല. |
| (ഡി) പ്രസ്തുത കമ്പനി അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഭൂമി പിടിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) നിയമപ്രകാരമുള്ള നടപടികൾ ത്വരിതഗതിയിലാണ്. |

സെക്ഷൻ ഓഫീസർ